പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2505.** | 18.02.2016 ന് മറുപടിയ്ക്ക്.

## *കരിമ്പുഴ സർക്കാർ ഐ.റ്റി.ഐ*

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ഹംസ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കരിമ്പുഴ സർക്കാർ ഐ.റ്റി.ഐ പ്രവർത്തനം ആരംഭിച്ചത് എന്നാണ്; | (എ) 19.10.2015 ലാണ് കരിമ്പുഴ ഐ.ടി.ഐ. പ്രവർത്തനം ആരംഭിച്ചത്. |
| (ബി) പ്രസ്തുത ഐ.റ്റി.ഐ യിലെ കോഴ്സുകൾ ഏതെല്ലാം; ഓരോ കോഴ്സിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം എത്ര ; | (ബി) പ്രസ്തുത ഐ.ടി.ഐ. യിൽ നിലവിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ എന്നീ 2 ട്രേഡുകളിലാണ് പരിശീലനം നൽകുന്നത്. ടി ഐ.ടി.ഐ.യിൽ ഡി/സിവിൽ ട്രേഡിൽ 20 കുട്ടികളും പ്ലംബർ ട്രേഡിൽ 21 കുട്ടികളും പഠിക്കുന്നുണ്ട്. |
| (സി) ഐ.റ്റി.ഐ യിലെ ആകെ ജീവനക്കാർ എത്ര; നിലവിൽ ഏതെങ്കിലും തസ്തിക ഒഴിഞ്ഞു കിടപ്പുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) ടി ഐ.ടി.ഐ.യ്ക്കായി ജീവനക്കാരുടെ തസ്തികകൾ ഒന്നും തന്നെ ഇതുവരെയും സൃഷ്ടിച്ചിട്ടില്ല. എന്നിരുന്നാലും ക്ലാസ്സുകൾക്ക് തടസ്സം വരാത്ത രീതിയിൽ മറ്റ് ഐ.ടി.ഐ.കളിൽ നിന്ന് ഇൻസ്ട്രക്ടർമാരെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ